


# പ്രകൃതിയെ സ്നേഹിക്കാം

കിളികൾക്കും മരങ്ങൾക്കും വെള്ളം നൽകാം
വൃത്തിയോടെ പരിസരം സൂക്ഷിക്കാം
തണൽ ലഭിക്കാൻ മരം നടാം
മലിനപ്പെടുത്താതെ പുഴകളെ കാക്കാം
സ്നേഹിക്കാം ഈ പ്രകൃതിയെ
സംരക്ഷിക്കാം നമ്മളെത്തന്നെ.

മുഫീദ റിജുഖാൻ, ക്ലാസ് 3
മുഹമ്മദൻ ഗവ. എച്ച്.എസ്.എസ്.എസ്, എടത്തറ

# ഒറിഗാമി

കിട്ടപ്പൻ മുതലാളിയുടെ വേലക്കാരനാണ് ചുക്രു. ചുക്രു ഒരു മണ്ടനായിരുന്നു. നാട്ടുകാർ അവനെ മണ്ടൻ ചുക്രു എന്ന് വിളിച്ചു.

ഒരു ദിവസം കിട്ടപ്പൻ ചുക്രുവിനെ വിളിച്ചു:

"ചുക്രൂ.. ചുക്രൂ.."

വിളി കേട്ടതും ചുക്രു ഓടിയെത്തി.

കിട്ടപ്പൻ പറഞ്ഞു: "എന്റെ മോൾക്ക് ഒറിഗാമിയോട് വലിയ താൽപ്പര്യമാണെന്ന് അറിയാമല്ലോ. പക്ഷേ, ഒറിഗാമി വസ്തുക്കൾ ഉണ്ടാക്കാനുള്ള പേപ്പർ തീർന്നുപോയി. നീ പോയി കുറച്ച് ഒറിഗാമി പേപ്പർ വാങ്ങിക്കൊണ്ട് വാ.'' ഇതുകേട്ടതും ചുക്രു കടയിലേക്കോടി. കടയിലെത്തിയപ്പോൾ ചുക്രുവിന് ഒറിഗാമി ആണോ അതോ ഒറിയോഗാമി ആണോ എന്ന് കൺഫ്യൂഷൻ തോന്നി. രണ്ടും കൽപിച്ച് ചുക്രു കടക്കാരനോട് പറഞ്ഞു: "ചേട്ടാ, ഓറിയോഗാമി തരാമോ?''

ഓറിയോ ബിസ്ക്കറ്റ് ആണെന്നാണ് കടക്കാരൻ കരുതിയത്. കടക്കാരൻ ഓറിയോ ഒരു പേപ്പറിൽ പൊതിഞ്ഞ് ചുക്രുവിന്



ഈസ അലി, ക്ലാസ് 2
വാദിറഹ്മ ഇംഗ്ലീഷ് സ്കൂൾ കൊടിയത്തൂർ




സൈമ സഗീർ, ക്ലാസ് 6
അൽഫലാഹ് ഇംഗ്ലീഷ് മീഡിയം സ്കൂൾ പെരിങ്ങാടി



ഹെസ്സ എം, ക്ലാസ് 1
ഒട്ടൻ ഇംഗ്ലീഷ് സ്കൂൾ വണ്ടൂർ



മൻഹ നസീബ്, ക്ലാസ് 4
ദയാപുരം സ്കൂൾ, എൻ.ഐ.റ്റി

കൊടുത്തു.

ചുക്രു വീട്ടിലേക്ക് തിരിച്ചു. കിട്ടപ്പന്റെ മോൾടെ കൈയിൽ ആ പൊതി കൊടുത്തു.

ഒറിഗാമി ഉണ്ടാക്കാനുള്ള ധൃതിയിൽ പൊതി തുറന്ന മോൾ കണ്ടതോ ഓറിയോ ബിസ്ക്കറ്റ്. അതു കണ്ടതും അവൾ ചിരി തുടങ്ങി. ഉറക്കെയുള്ള ചിരി കേട്ട് കിട്ടപ്പൻ ഓടി വന്നു. സംഗതി അറിഞ്ഞതും കിട്ടപ്പനും ചിരിപൊട്ടി.

കാര്യമറിഞ്ഞപ്പോൾ ചുക്രുവും ചിരിച്ചു.

നുഹ ഫാത്തിമ കെ
ക്ലാസ് 6
ഹസനിയ എ.യു.പി.എസ്,
മുട്ടാഞ്ചേരി

## മരണം

ഒരാൾ
മരിക്കുമ്പോൾ
അവൻ പിന്നെ ഓർമയാണ്
കുതിരുന്നു പീലികൾ
ഓർമകളുടെ സങ്കട-
പ്പുതപ്പിൽ നാം

വിധിയെന്ന് സമാധാനി-
ക്കാൻ ശ്രമിക്കും
എങ്കിലും മനസ്സ് കരയും
കരം വിറക്കും
കണ്ണുനീരൊഴുകും
നെഞ്ചിനുള്ളിൽ ഒരു
പ്രളയം വരും!

സദീദ് എ. കരീം, ക്ലാസ് 5
എൻ.സി.ടി.
ഇ.എം.എച്ച്.എസ്
വേരുംപിലാക്കൽ




## മിടുക്കൻമാരായി വളരാം

പൂമൊട്ടിലെ രചനകളെല്ലാ കൂട്ടുകാരും വായിച്ചല്ലോ അല്ലേ. ഒറിഗാമി എന്ന നുഹ ഫാത്തിമയുടെ കഥ എല്ലാവരെയും ചിരിപ്പിച്ചില്ലേ.. ഉള്ളിൽ തമാശയുണ്ടാവുമ്പോഴാണ് നമ്മുടെ ജീവിതം കൂടുതൽ ഭംഗിയുള്ളതാവുക. നമ്മൾ തമാശകൾ കാണുകയും പറയുകയും ചിരിക്കുകയുമെല്ലാം വേണം. നല്ല ഗൗരവത്തോടെ, ആരോടും ചിരിക്കാത്തവരെ ആർക്കും ഇഷ്ടമുണ്ടാകില്ല. മുഖത്തെപ്പോഴും പുഞ്ചിരി വേണം. പുഞ്ചിരിയും ദാനമാണ് എന്ന മുഹമ്മദ് നബിയുടെ ഒരു വാചകമുണ്ട്! എത്ര മനോഹരമാണ് ആ വാചകം. പുഞ്ചിരിക്കാൻ ഒരു ചെലവുമില്ല. എന്നിട്ടും അത് ദാനമാണെന്നാണ് പറയുന്നത്. ചെലവില്ലാഞ്ഞിട്ടും പുഞ്ചിരിക്കാൻ മടിക്കുന്നവരെ കാണുമ്പോൾ എത്ര വലിയ കാര്യമാണ് ആ വാചകത്തിൽ നബി പറഞ്ഞുവെക്കുന്നത് എന്ന് കൂട്ടുകാർക്ക് മനസ്സിലാവും.

ആ കഥയിൽ ചുക്രുവിനെ നാട്ടുകാർ മണ്ടൻ ചുക്രു എന്ന് വിളിക്കുന്നുണ്ട്. ചുക്രുവിന് പറ്റുന്നത് ചെറിയ അബദ്ധങ്ങളല്ലേ.. അത് നമുക്ക് പൊറുത്തു കൊടുക്കാം അല്ലേ.. കൂട്ടുകാർ ആരെയും മണ്ടൻ എന്ന് വിളിച്ച് പരിഹസിക്കരുതേ.. അബദ്ധങ്ങൾ മാന്യമായി ചൂണ്ടിക്കാണിക്കുകയേ ചെയ്യാവൂ കേട്ടോ..

നുഹ ഇനിയും ഒരുപാട് കഥകൾ എഴുതണം. മാഷിനും മലർവാടി വായിക്കുന്നവർക്കുമെല്ലാം അത് വായിച്ച് ചിരിക്കണം.

സദീദ് എ. കരീമിന്റെ കവിത മരണത്തെ ഓർമപ്പെടുത്തുന്നു. അത്തരം ഓർമകൾ നമ്മെ നല്ല മനുഷ്യരാവാൻ പ്രേരിപ്പിക്കുന്നു. നല്ല ഓർമകൾ മാത്രം ബാക്കിവെക്കുന്ന നല്ല മനുഷ്യരാകാം അല്ലേ കൂട്ടുകാരേ നമുക്ക്..!

പ്രകൃതിയെ സംരക്ഷിക്കുക എന്നാൽ നമ്മെ തന്നെ സംരക്ഷിക്കലാണെന്ന് മുഫീദ കവിതയിലൂടെ ഓർമപ്പെടുത്തുന്നു.

ഇങ്ങനെ എല്ലാ കാര്യങ്ങളെ കുറിച്ചും ആലോചിക്കുന്ന കൂട്ടുകാരുടെ രചനകൾ വായിക്കുമ്പോൾ മാഷിന് വല്ലാത്ത സന്തോഷം തോന്നുന്നുണ്ട് കേട്ടോ.

വായിച്ചും പഠിച്ചും മലർവാടിയുടെ കൂട്ടുകാരെല്ലാവരും ഉയരങ്ങളിലെത്തുമെന്ന് മാഷിന് ഉറപ്പുണ്ട്.

സസ്നേഹം

● മാഷ്

▸▸ ഇടപ്പള്ളി കവികൾ എന്നറിയപ്പെടുന്നത്- ഇടപ്പള്ളി രാഘവൻ പിള്ള, ചങ്ങമ്പുഴ കൃഷ്ണപിള്ള